# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം : 1762

04-10-2011-ൽ മറുപടിക്ക്

## കുടിശ്ശിക വസൂലാക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഇ. പി. ജയരാജൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാന ഗവൺമെന്റിനു കീഴിലുള്ള കുടിവെള്ള പദ്ധതികൾ, സർക്കാർ ആശുപത്രികൾ, ഗവൺമെന്റ് സ്കൂളുകൾ തുടങ്ങിയ സ്ഥാപനങ്ങൾ വൈദ്യുതി ചാർജ് കുടിശ്ശിക വരുത്തിയിട്ടുണ്ടെങ്കിൽ പ്രസ്തുത കുടിശ്ശിക വസൂലാക്കാൻ നടപടി സ്വീകരിക്കുന്നതോടൊപ്പം വൈദ്യുതി ബന്ധം വിച്ഛേദിച്ച് ബുദ്ധിമുട്ടിക്കുന്ന നിലവിലുള്ള സമ്പ്രദായം അവസാനിപ്പിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോയെന്നു വ്യക്തമാക്കുമോ ; | (എ) വൈദ്യുതി ബിൽ തുക ഒടുക്കുന്നതിന് ബില്ലിന്റെ തീയതി മുതൽ ഏഴു ദിവസത്തെ സമയം ബോർഡ് ഉപഭോക്താവിന് നല്കിയിട്ടുണ്ട്. നിശ്ചിത ദിവസം മുതൽ പതിനഞ്ചു ദിവസത്തിനുള്ളിൽ പലിശ സഹിതം ബില്ലിന്റെ തുക അടയ്ക്കുന്നതിൽ ഉപഭോക്താവ് വീഴ്ച വരുത്തുന്ന പക്ഷം വിതരണം വിച്ഛേദിക്കുന്നതിന്, സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ അംഗീകരിച്ചിട്ടുള്ള കെ.എസ്.ഇ.ബി. ടേംസ് ആന്റ് കണ്ടീഷൻസ് 2005-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br>എന്നാൽ പൊതുജനങ്ങൾക്കുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ മനസ്സിലാക്കി കുടിവെള്ള പദ്ധതികൾ, സർക്കാർ ആശുപത്രികൾ തുടങ്ങിയവയുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കാതിരിക്കാൻ പരമാവധി ശ്രമിക്കുന്നുണ്ട്. വൈദ്യുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് കർശന നടപടി സ്വീകരിക്കണമെന്ന് സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ വൈദ്യുതി ബോർഡിന് നിർദ്ദേശം നല്കിയിട്ടുള്ളതിനാൽ വൈദ്യുതി ബന്ധം വിച്ഛേദിക്കാതിരിക്കുന്നതിനായി സംസ്ഥാന ഗവൺമെന്റിനു കീഴിലുള്ള കുടിവെള്ള പദ്ധതികൾ, സർക്കാർ ആശുപത്രികൾ, ഗവൺമെന്റ് സ്കൂളുകൾ എന്നിവയുടെ കുടിശ്ശിക ഒടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പ് മേധാവികളോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

..........2

| | | | |
|---|---|---|---|
| (ബി) | സർക്കാർ ആശുപത്രികളുടെയും സർക്കാർ ഉടമസ്ഥതയിലുള്ള കുടിവെള്ള പദ്ധതികളുടെയും സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ഭരണ വകുപ്പുകളുമായി ബന്ധപ്പെട്ട് കുടിശ്ശികയിന്മേൽ ഈടാക്കുന്ന പിഴകളും മറ്റും ഒഴിവാക്കി നൽകുവാനും വൈദ്യുതി ചാർജ് കുടിശ്ശിക തുക അടക്കുവാനുള്ള തുക പ്രത്യേക ബഡ്ജറ്റ് വിഹിതമായി മാറ്റി വയ്ക്കുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ? | (ബി) | ഇതു സംബന്ധിച്ച് തീരുമാനമൊന്നും എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ